# കുഞ്ചുവിന്റെ ബഹിരാകാശയാത്ര

**കൂട്ടുകാർക്കോർമയില്ലേ മഞ്ഞത്തൊപ്പിക്കാരൻ ജോർജിന്റെ കൂട്ടുകാരൻ കുഞ്ചു എന്ന വികൃതി കുട്ടിക്കുരങ്ങനെ? എപ്പോഴും ജിജ്ഞാസയുമായി നടക്കുന്ന കുഞ്ചുവിന്റെ കഥകൾ കൂട്ടുകാർ മലർവാടിയിൽ വായിച്ചിരുന്നു. കുഞ്ചുവിന്റെ രസകരമായ കഥകൾ വീണ്ടും!**



• എം. കുഞ്ഞാപ്പ

ഇത് കുഞ്ചു. മഞ്ഞത്തൊപ്പിക്കാരൻ ജോർജിന്റെ പ്രിയപ്പെട്ട കൂട്ടുകാരൻ. അതെന്താ? ഇതെന്താ? അതെന്താ ഇങ്ങനെ? ഇതെന്താ അങ്ങനെ? എപ്പോഴും ജിജ്ഞാസയാണ് ഈ കുട്ടിക്കുരങ്ങന്.

ഇന്ന് അവൻ രാവിലെത്തന്നെ ഒരു ചിത്രപുസ്തകം മറിച്ചു നോക്കുകയാണ്. ജോർജ് എങ്ങോട്ടോ പോയിരിക്കുന്നു.

''ണിം...''

അപ്പോഴാണ് കോളിംഗ് ബെൽ അടിച്ചത്. അവൻ ഓടിച്ചെന്ന് വാതിൽ തുറന്നു. പോസ്റ്റ്മാനാണ്.

''ഒരു കത്തുണ്ട്.''

അയാൾ പറഞ്ഞു:

''മേശപ്പുറത്തു വെച്ചേക്കൂ. നിന്റെ കൂട്ടുകാരൻ വരുമ്പോൾ വായിച്ചോളും.''

കുഞ്ചു കത്തു വാങ്ങി.

''എന്തായിരിക്കും കത്തിൽ?''

അവന് ജിജ്ഞാസയായി.

▸▸ ഇന്ത്യയിലെ ഇപ്പോഴത്തെ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ– ഓം പ്രകാശ് റാവത്

അവന് ഇതുവരെ ആരും കത്തയച്ചിട്ടില്ല. എങ്കിലും അവനറിയാം, മറ്റൊരാളുടെ കത്തു വായിക്കുന്നത് ചീത്ത സ്വഭാവമാണെന്ന്. അവൻ കത്ത് മേശപ്പുറത്ത് കൊണ്ടു പോയി വെച്ചു. അപ്പോഴാണ് അവന് ഒരാശയം തോന്നിയത്.

''ഒരു കത്തങ്ങ് എഴുതിയാലോ?''

മേശയുടെ മുകളിലെ വലിപ്പിൽ കടലാസും ഫൗണ്ടൻ പേനയും ഉണ്ടെന്ന് അവനറിയാം. കുഞ്ചു കടലാസും പേനയുമെടുത്ത് തറയിൽ കാലും വിരിച്ചു വെച്ചിരുന്നു, കത്തെഴുതാൻ! പേന തുറന്ന് എഴുതാൻ തുടങ്ങിയപ്പോഴോ, ഒറ്റത്തുള്ളി മഷിയില്ല!

അവൻ മേശയുടെ താഴേ തട്ടിൽനിന്ന് മഷിക്കുപ്പിയെടുത്തു. അടുക്കളയിൽ നിന്ന് ഒരു ഫണലെടുത്ത്. പേന അതിനോടു ചേർത്തുവെച്ച് മഷി ഒഴിക്കാൻ തുടങ്ങി. പക്ഷേ, പേനയിലേക്കു കയറിയതിനെക്കാൾ മഷി തറയിലേക്കാണ് വീണത്.



പേന നിറഞ്ഞപ്പോഴേക്ക് തറയിൽ വലിയൊരു ചളിക്കുളം പോലെ മഷി പടർന്നു കിടന്നു. ഒരു നീല ചളിക്കുളം!

''ഛെ! ആകെ വൃത്തികേടായല്ലോ!''

കുഞ്ചു അടുക്കളയിൽനിന്ന് തുടപ്പ് എടുത്തുകൊണ്ടുവന്നു പണി തുടങ്ങി. പക്ഷേ, മഷി കൂടുതൽ സ്ഥലത്തേക്കു പടർന്നുകൊണ്ടിരുന്നു. നിമിഷങ്ങൾ കൊണ്ട് നീലക്കുളം വലുതായിക്കൊണ്ടിരുന്നു.

''ഉടൻ എന്തെങ്കിലും ചെയ്തേ പറ്റൂ.''

അവൻ ആലോചിച്ചു.

കുഞ്ചു അടുക്കളയിലേക്കോടി. അലമാരയിൽ നിന്ന് സോപ്പുപൊടി പെട്ടി എടുത്തു. അത് മഷിക്കുളത്തിലേക്ക് ചൊരിഞ്ഞു.

പിന്നെ വാതിൽ തുറന്ന് പൂന്തോട്ടത്തിലേക്കോടി. വെള്ളപ്പൈപ്പെടുത്ത് ജനലിലൂടെ അകത്തേക്കു ചാടി. പിന്നെ ചളിക്കുളത്തിലേക്ക് വെള്ളമടിക്കാൻ തുടങ്ങി.

മഷിക്കുളത്തിൽ സോപ്പുപൊടി പതഞ്ഞു പൊങ്ങി. ഇളംനീലപ്പത! നീലക്കുമിളകൾ മുറിയിൽ പറന്നു കളിച്ചു. അതിലൊരെണ്ണം കുഞ്ചുവിന്റെ മൂക്കിൻ തുമ്പിൽ വന്നിരുന്നു. ചിലത് ജനാലയിലൂടെ പുറത്തേക്കു പറന്നു.

ഇതേസമയം നീലക്കുളം പതഞ്ഞുയരുകയായിരുന്നു. അത് കുഞ്ചുവിന്റെ അരയോളമെത്തി! മുറിയിലാകെ നിറയാൻ തുടങ്ങി.!

രക്ഷയില്ല!

കുഞ്ചു ജനാലയിലൂടെ പുറത്തേക്കു ചാടി ഓടി.

അവൻ നേരെ ചെന്ന് വെള്ള ടാപ്പ് പൂട്ടി. ഇനിയെന്തു ചെയ്യും? ജോർജ് വരും മുമ്പേ മുറിയിലെ നീലക്കുളവും സോപ്പിൻ പതയും എങ്ങനെ വൃത്തിയാക്കും? പുല്ലിൽ കുത്തിയിരുന്ന് കുഞ്ചു കുറേ നേരം ആലോചിച്ചു.

ഒടുവിൽ അവൻ ഒരു ഷോവലുമായി ജനാലക്കരികിൽ ചെന്നു. പത കോരിയെടുക്കാൻ ശ്രമിച്ചപ്പോൾ അവൻ സ്തബ്ധനായിപ്പോയി! പതയെല്ലാം എവിടെപ്പോയി? എങ്ങും കാണുന്നേയില്ല!

(തുടരും)

▸▸ ഇപ്പോഴത്തെ സുപ്രീംകോടതി ചീഫ് ജസ്റ്റിസ്– ജസ്റ്റിസ് ദീപക് മിശ്ര